# കേരളസർവകലാശാല

നം.പി.ആർ.246/2020

## പത്രക്കുറിപ്പ്

### ഇൻഡക്ഷൻ പ്രോഗ്രാം

2020-21 അധ്യയന വർഷത്തിൽ കേരളസർവകലാശാലയിലെ വിവിധ പഠന ഗവേഷണ വകുപ്പുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കായുള്ള "പൊതു ഇൻഡക്ഷൻ പ്രോഗ്രാമിന്" കേരളസർവകലാശാല ആതിഥേയത്വം വഹിക്കുന്നു. 2020 ഡിസംബർ 12 ന് രാവിലെ 11 മണിക്ക് ഇൻഡ്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂരിലെ മുൻ ഡയറക്ടറും പദ്മഭൂഷൺ ജേതാവുമായ പ്രൊഫ.പി.ബലരാമും, ഉച്ചയ്ക്ക് 2.30 ന് കവിയും മലയാള സാഹിത്യ നിരൂപകനുമായ പ്രൊഫ.വി.മധുസൂദനൻ നായരും പ്രത്യേക പ്രഭാഷണം നടത്തുന്നതാണ്. ബഹു വൈസ് ചാൻസിലർ പ്രൊഫ.വി.പി.മഹാദേവൻ പിള്ള, ബഹു.പ്രൊ-വൈസ് ചാൻസിലർ ഡോ.പി.പി.അജയകുമാർ എന്നിവർ ചടങ്ങിൽ വിദ്യാർത്ഥികൾക്ക് സ്വാഗതം ആശംസിക്കുകയും, തുടർന്ന് അവരുമായി സംവദിക്കുകയും ചെയ്യും.

### ട്രാവൽ ത്രൂ നോബൽ വിന്നേഴ്സ്

കേരളസർവകലാശാല "ട്രാവൽ ത്രൂ നോബൽ വിന്നേഴ്സ്" എന്ന നൂതന പ്രഭാഷണ പരമ്പരയ്ക്ക് 2020 ഡിസംബർ 11 ന് തുടക്കം കുറിക്കുന്നു. നോബൽ സമ്മാന ജേതാക്കളുടെ പ്രവർത്തനവും ജീവിതവും, വിദ്യാർത്ഥികളെയും ഗവേഷകരെയും പരിചയപ്പെടുത്തുക എന്നതുമാണ് പരിപാടിയുടെ ലക്ഷ്യം. പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടന പ്രസംഗം 2020 ഡിസംബർ 11 ന് വെർച്ചൽ മോഡിൽ നടക്കുന്നതാണ്. പ്രസ്തുത ചടങ്ങിൽ മദ്രാസ് ഐ.ഐ.ടി യിലെ പ്രമുഖ ഭൗതിക ശാസ്ത്രജ്ഞൻ ഡോ.സി.വിജയൻ ഉദ്ഘാടന പ്രഭാഷണവും ബഹു വൈസ് ചാൻസിലർ പ്രൊഫ.വി.പി.മഹാദേവൻ പിള്ള ചടങ്ങിൽ അദ്ധ്യക്ഷതയും വഹിക്കുന്നതാണ്.

### ഒന്നാം വർഷ ബി.എഡ് പ്രവേശനം 2020 ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ 2020-21 അധ്യയന വർഷത്തിലെ ബ.എഡ് കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് വെബ് സൈറ്റിൽ (https://admissions.keralauniversity.ac.in) പ്രസിദ്ധപ്പെടുത്തി. അപേക്ഷകർക്ക് അപേക്ഷ നമ്പറും പാസ് വേർഡും ഉപയോഗിച്ച് ലോഗ് ഇൻ ചെയ്തു തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.

### പുതുക്കിയ പരീക്ഷ തീയതി

പൊതു അവധി കാരണം 2020 ഡിസംബർ 4 ന് നടത്താൻ കഴിയാത്ത രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം സി.ബി.സി.എസ്/സി.ആർ പരീക്ഷകൾ 2020 ഡിസംബർ 17 ന് നടത്തുന്നതാണ്. പരീക്ഷാ കേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

### പ്രാക്ടിക്കൽ പരീക്ഷ മാറ്റി വച്ചു

എസ്.എൻ കോളേജ് വർക്കല, എൻ.എസ്സ്.എസ്സ് കോളേജ് പന്തളം, എൻ.എസ്സ്.എസ്സ് കോളേജ് ചേർത്തല, സെന്റ് മൈക്കിൾസ് കോളേജ് ചേർത്തല, റ്റി.കെ.എം.എം കോളേജ് നങ്ങ്യാർകുളങ്ങര, എന്നീ കേന്ദ്രങ്ങളിൽ 2020 ഡിസംബർ 14,15 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എസ്.സി ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## എൽ.എൽ.ബി സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാം

കോവിഡ് 19 കാരണം അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം. എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി മാർച്ച് 2020 പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ. എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി. എ.എൽ.എൽ.ബി ഏപ്രൽ 2020, ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി പരീക്ഷകൾ എഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷ എഴുതാവുന്നതാണ്.സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാം, കോഴ്സ് കോഡ് എന്നിവ അടങ്ങിയ അപേക്ഷ ആരോഗ്യ വകുപ്പിന്റേയോ തദ്ദേശ സ്വയംഭരണ വകുപ്പിന്റേയോ സാക്ഷ്യപത്രങ്ങൾ സഹിതം 2021 ജനുവരി 6 ന് മുമ്പ് അതത് കോളേജ് പ്രിൻസിപ്പൾമാർക്ക് സമർപ്പിക്കേണ്ടതാണ്. ഈ പരീക്ഷയ്ക്ക് സബ്സെന്ററുകൾ ഉണ്ടായിരിക്കുന്നതല്ല.

## ടൈംടേബിൾ

ഒന്നാം വർഷ (ത്രിവത്സരം) എൽ.എൽ.ബി (ഓൾഡ് സ്കീം-മേഴ്സി ചാൻസ്) (1998 അഡ്മിഷന് മുൻപുള്ളത്) പരീക്ഷ 2021 ജനുവരി 4 ന് ആരംഭിക്കുന്നതാണ്. വിശദമായ വിവരങ്ങൾ വെബ്സൈറ്റിൽ.

2020 ഡിസംബർ മാസത്തിൽ ആരംഭിക്കുന്ന ബി.ടെക് ആറാം സെമസ്റ്റർ (2008 സ്കീം) കോഴ്സ് കോഡിൽ വരുന്ന ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് നാലും ആറും (2008 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ വിവരങ്ങൾ വെബ്സൈറ്റിൽ.

2020 ഡിസംബർ 4 ന് നടത്താനിരുന്ന ആറാം സെമസ്റ്റർ, മാർച്ച് 2020 ബി.എം.എസ് ഹോട്ടൽ മാനേജ്മെന്റ് പ്രോജക്ട്/വൈവ പരീക്ഷ 2020 ഡിസംബർ 14 ന് നടത്തുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
10.12.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675